## കേരള സർക്കാർ

# കേരള പൊതുവിപണി വില അവലോകനം

# ജൂൺ

# 2020




## പ്രൈസസ് വിഭാഗം
## സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ്
## തിരുവനന്തപുരം

കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി

നം.1360/പ്രസ്/സി.എം.ഒ/2017. നവംബർ 24, 2017

## സന്ദേശം

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് 'കേരള പൊതു വിപണി' എന്ന പേരിൽ 2017 നവംബർ മുതൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം. തൊട്ടു മുൻ മാസത്തെ വിപണി വിലയെ അവലോകനം ചെയ്തുകൊണ്ടുള്ള ഈ പ്രസിദ്ധീകരണ ത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

The Director General
Economic & Statistics Department
Vikas Bhavan, Thiruvananthapuram

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം പിൻ 695 001
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489 ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
വസതി ക്ലിഫ് ഹൗസ് ഫോ 0471 2318406, 2314853
www.keralacm.gov.in

# അവതാരിക

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് സംസ്ഥാനത്തെ സ്ഥിതിവിവര കണക്കുകൾ ശേഖരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള ഔദ്യോഗിക ഏജൻസിയാണ്. വകുപ്പിലെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് പ്രൈസസ് വിഭാഗം വിലശേഖരണവും അതിന്റെ അപഗ്രഥനവും റിപ്പോർട്ടിങ്ങും ഈ വിഭാഗത്തിന്റെ ചുമതലയാണ് . വിവിധ ഇനം വിലകൾ ഈ വകുപ്പ് ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നു. കാർഷിക വിളകളുടെ കൃഷിയിടത്തെ മൊത്ത , ചില്ലറ വിലകൾ, കമ്പോള മൊത്ത, ചില്ലറ വിലകൾ എന്നിവ ഇതിൽ പ്രധാനപ്പെട്ടവയാണ്. ഈ വില വിവരങ്ങൾ ഉപയോഗിച്ചു സംസ്ഥാനത്തെ സാധനങ്ങളുടെ വിലനിലവാരം അവലോകനം ചെയ്യുന്നതോടൊപ്പം, വിവിധ സൂചികകൾ തയ്യാറാക്കുകയും ചെയ്യുന്നു. (ഉപഭോക്തൃ വിലസൂചിക, കാർഷിക ഉൽപ്പന്നങ്ങളുടെ മൊത്ത വില സൂചിക, കർഷകരുടെ തുല്യതാ സൂചിക,)

സംസ്ഥാനത്തെ അവശ്യ സാധനങ്ങളുടെ വിലനിലവാരം മോണിററർ ചെയ്യുക എന്ന ഉദ്ദേശത്തോടെ ഈ വിഭാഗം 50 ഇനം അവശ്യ സാധനങ്ങളുടെ ചില്ലറ വിലകൾ ദിനംപ്രതി എല്ലാ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ഏററവും കൂടുതൽ കച്ചവടം നടക്കുന്ന മാർക്കററിലെ, ഏററവും കൂടുതൽ കച്ചവടം നടക്കുന്ന കടകളിൽ നിന്നും ജില്ലകളിലെ വിലശേഖരണ ഉദ്യോഗസ്ഥർ മുഖേന ശേഖരിച്ച് വകുപ്പിലെ കമ്പ്യൂട്ടർ വിഭാഗം തയ്യാറാക്കിയ Online Software ലൂടെ വകുപ്പ് ആസ്ഥാനത്തു വച്ച് റിപ്പോർട്ട് തയ്യാറാക്കി വൈകുന്നേരത്തോടുകൂടി സർക്കാരിലേക്കും സിവിൽ സപ്ലൈസ് ,റിസർവ് ബാങ്ക് , കൺസ്യൂമർഫെഡ്, മററ് ഏജൻസികൾ എന്നിവർക്കും അയച്ചുകൊടുക്കുന്നു.

കേരളത്തിൽ പൊതുവിപണിയിൽ വിൽപ്പനക്കായി വരുന്ന സാധനങ്ങളിൽ ഭൂരിഭാഗവും ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ് ആയതിനാൽ വില നിയന്ത്രണത്തിൽ പലപ്പോഴും സംസ്ഥാനത്തിന് നിയന്ത്രിക്കാനാവാത്ത പല ഘടകങ്ങളും ഉണ്ടാവുന്നു.കാലാവസ്ഥാ വ്യതിയാനം ,സമരങ്ങൾ, ഇന്ധന വില വർദ്ധനവ് ,സംസ്ഥാനാന്തര ബന്ധങ്ങൾ ഇതര സംസ്ഥാനങ്ങളിലെ വിപണി ചാഞ്ചാട്ടങ്ങൾ ഇങ്ങനെ നിരവധി ഘടകങ്ങൾ കേരളത്തിലെ വിപണി വിലയെ സ്വാധിനിക്കുന്നു ഇക്കാരണങ്ങളാൽ വിപണി വിലയെ നിയന്ത്രിച്ചു നിർത്തുക എന്നുള്ളത് കേരളത്തിലെ ഏതൊരു സർക്കാരിനെയും സംബന്ധിച്ചിടത്തോളം വളരെ ശ്രമകരമായ ഒരു ജോലിയായി മാറുന്നു .ഈ സാഹചര്യത്തിൽ വിപണിയിൽ ഇടപെടുന്നതിനുവേണ്ടി ആവശ്യമായി വരുന്ന വിലനിലവാരം ശേഖരിച്ചു അവലോകനം നടത്തി സർക്കാരിന് നൽകുന്ന ഒരു ഉദ്യമമാണ് ഈ പ്രസിദ്ധികരണത്തിലൂടെ ലക്ഷ്യമിടുന്നത്.

വകുപ്പ് 'പ്രൈസ് ബുള്ളററിൻ' എന്ന പേരിൽ ഇംഗ്ലീഷിൽ പ്രസിദ്ധീകരണം എല്ലാ മാസവും പ്രസിദ്ധീകരിച്ചു വരുന്നു. ഔദ്യോഗിക ഭാഷ പൂർണ്ണമായും മാതൃഭാഷയിലേക്ക് മാററുന്നതിനുള്ള ശ്രമത്തിന്റെ ഭാഗമായി ഈ വകുപ്പ് ഏറെറടുത്ത ഒരു ഉദ്യമമാണ് **'കേരള പൊതുവിപണി വില അവലോകനം'** എന്ന പ്രസിദ്ധീകരണം. പ്രൈസ് ബുള്ളററിനിൽ നിന്നും കാലികമായ മാററങ്ങൾ ഉൾക്കൊണ്ട് കൂടുതൽ പ്രാധാന്യമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി ''കേരള പൊതുവിപണി വില അവലോകനം'' എന്ന പ്രസിദ്ധീകരണം 2017 നവംബർ മുതൽ വകുപ്പ് പുറത്തിറക്കുന്നു. ദിവസേന വില ശേഖരിക്കുന്ന 50 ഇനം അവശ്യ സാധനങ്ങൾ, അധിക ഇനങ്ങൾ, ആഴ്ചതോറും ശേഖരിക്കുന്ന 20 ഇനങ്ങൾ, പഴ വർഗ്ഗങ്ങൾ എന്നിവയിൽ നിന്നും പ്രാധാന്യമുള്ള ഇനങ്ങൾ തെരഞ്ഞെടുത്ത് അവയുടെ സംസ്ഥാന ശരാശരി വിലയാണ് പ്രസിദ്ധീകരണത്തിനായി ഉപയോഗിച്ചിരിക്കുന്നത്. പ്രൈസ് ബുള്ളററിനിൽ നിന്നും വ്യത്യസ്തമായി വില ശേഖരിക്കുന്ന എല്ലാ ദിവസത്തെയും വിലകളുടെയും മാസ ശരാശരിയാണു ഇവിടെ ഉപയോഗിച്ചിരിക്കുന്നത്.

സംസ്ഥാനത്തെ എല്ലാ ജില്ല വിപണികളിൽ നിന്നും, മൊത്ത, ചില്ലറ കച്ചവടക്കാരിൽ നിന്നും,, വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ റിപ്പോർട്ടുകളിൽ നിന്നും വകുപ്പിന്റെ ഇൻവെസ്റ്റിഗേററർമാരിൽ നിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണു ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

ജില്ലകളിലെ പ്രൈസ് റിപ്പോർട്ടർമാരും ഇതുമായി ബന്ധപ്പെട്ട മററ് ഉദ്യോഗസ്ഥരും അവരുടെ കർത്തവ്യ നിർവഹണത്തിൽ അഭിനന്ദനം അർഹിക്കുന്നു.

വകുപ്പിലെ പ്രൈസസ് വിഭാഗം തയ്യാറാക്കിയ ഈ പ്രസിദ്ധീകരണത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ സ്വാഗതം ചെയ്യുന്നു.

(ഒപ്പ്)

തിരുവനന്തപുരം **പി.വി .ബാബു**

**03-08-2020** **ഡയറക്ടർ(I/C)**

# ആമുഖം

ജൂൺ മുതൽ രാജ്യം ലോക്ക് ഡൗണിൽ നിന്നും അൺലോക്ക് പ്രക്രിയയിലേക്ക് കടന്നിരിക്കുകയാണ് ഒരു രാജ്യത്തിനും അനിയന്ത്രിതമായ കാലയളവിലേക്ക് ലോക്ക് ഡൗൺ നീട്ടിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ല.രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ തന്നെ അത് താറുമാറാക്കും .ജനം ദാരിദ്ര്യവും പട്ടിണിയും മൂലം വലയും. ഇത് രാജ്യത്ത് ക്രമ സമാധാന പ്രശ്നം പോലും ഉണ്ടാക്കാൻ ഇടയുള്ളതാണ്.

അൺലോക്ക് പ്രക്രിയയിലേക്ക് കടന്നുവെങ്കിലും രോഗ ബാധ കൂടുതൽ ഉള്ള സ്ഥലങ്ങളിൽ ഇപ്പോഴും നിയന്ത്രണങ്ങൾ തുടരുകയാണ്.രോഗാവസ്ഥയെക്കുറിച്ചുള്ള ആശങ്ക നിലനിൽക്കുമ്പോഴും, നൽകിയിട്ടുള്ള ഇളവുകൾ സാമ്പത്തിക രംഗത്തെയും വിപണിയെയും കൂടുതൽ സജീവമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ വിപണിയുടെ അവസ്ഥ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും വിപണനം വളരെ കുറവാണെന്നാണ് പൊതുവെ എല്ലാ സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.സാമ്പത്തിക രംഗത്ത് വന്നു ഭവിച്ചിരിക്കുന്ന മാന്ദ്യം സാധാരണ ജനത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്. പ്രത്യേകിച്ച് ദിവസ വേതനത്തിൽ ജീവിക്കുന്ന സാധാരണ ജനത്തിന്റെ വരുമാനത്തിൽ കാര്യമായ കുറവ് ഉണ്ടായിട്ടുണ്ട്. ഇത് സാധാരണക്കാരന്റെ ക്രയശേഷിയെ വളരെയധികം ബാധിച്ചിട്ടുണ്ട്. . എല്ലാ തൊഴിൽ മേഖലകളും ,നിർമ്മാണ മേഖലകളും ഗതാഗത സൗകര്യങ്ങളും മെച്ചപ്പെട്ടാൽ മാത്രമേ വിപണനം സാധാരണ നിലയിൽ എത്തുകയുള്ളൂ.

ലോക്ക് ഡൗൺ നിയന്ത്രണത്തിന് ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതോടെ നിർമ്മാണ സാമഗ്രികളുടെ വിലയിൽ വിലക്കയറ്റം ദൃശ്യമായിരുന്നു. സിമന്റിന്റ വിലയിൽ ലോക്ക് ഡൗണിന്റെ മുമ്പുള്ള ആഴ്ചയിലേതിനേക്കാൾ ഏതാണ്ട് 60 രൂപയോളം വിലവർദ്ധനവ് ഉണ്ടായി. കഴിഞ്ഞ ആഴ്ചയിൽ വില അല്പം കുറഞ്ഞു 430-440 രൂപയിൽ എത്തിയിട്ടുണ്ട്. കമ്പിയുടെ വിലയിലും വർദ്ധനവ് ഉണ്ടായെങ്കിലും പിന്നീട് വില സ്ഥിരത കൈവരിച്ചു

വിപണി ഏതാണ്ട് സാധാരണ നില കൈവരിച്ചെങ്കിലും ഇപ്പോഴും വിപണനത്തിൽ പ്രകടമായ കുറവുണ്ടെന്നാണ് വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് സൂചിപ്പിക്കുന്നത്, വിപണിയിൽ അവശ്യ സാധനങ്ങളുടെ സ്റ്റോക്കും, ചരക്കുവാഹനങ്ങളുടെ വരവും സാധാരണ നിലയിൽ എത്തിയെങ്കിലും ലോക്ക് ഡൗണും പൊതു സാമ്പത്തിക മാന്ദ്യവും സാധാരണക്കാരന്റെയും ഇടത്തരക്കാരന്റെയും ക്രയശേഷിയിൽ കാര്യമായി കുറവ് വരുത്തിയിട്ടുണ്ട് .ഇത് വിപണിയിലും കാര്യമായി പ്രതിഫലിച്ചിട്ടുണ്ട്.വ്യാപാരികൾ ചരക്കുകൾ കൂടുതലായി കരുതി വയ്ക്കുന്നതിന് വൈമുഖ്യം കാണിക്കുകയാണെന്നാണ് വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

ലോക്ക്ഡൗൺ ഘട്ടം ഘട്ടമായി പിൻവലിക്കുമ്പോൾ തന്നെ ചില പ്രദേശങ്ങൾ കണ്ടെൻമെൻറ് സോണുകളായും ഹോട്സ്പോട്ടുകളായും മാറിക്കൊണ്ടിരിക്കുകയാണ്. നിലവിൽ പ്രതിസന്ധിയിലായിരിക്കുന്ന വിപണിയെ ദിനംപ്രതി വർദ്ധിക്കുന്ന ഇന്ധന വില കൂടുതൽ പ്രതിസന്ധികളിലേക്ക് തള്ളിവിടുമോ എന്ന ആശങ്കയിലാണ് വിപണി.

കേരളത്തിൽ ജൂൺ ആദ്യവാരം തന്നെ കാലവർഷം എത്തി ഇത്തവണ സാധാരണ തോതിലുള്ള കാലവർഷം ലഭിക്കുമെന്നാണ് കാലാവസ്ഥ വകുപ്പിന്റെ റിപ്പോർട്ടുകൾ .കേരളത്തിൽ ഇത്തവണ വേനൽ മഴ നല്ല തോതിൽ ലഭിച്ചതിനാൽ വരൾച്ചയും ജലക്ഷാമവും കാര്യമായി അനുഭവപ്പെട്ടില്ല.

ജൂൺ 1 മുതൽ ജൂലൈ 1 വരെയുള്ള കണക്ക് പ്രകാരം ഇന്ത്യയിൽ മൊത്തം സാധാരണ ലഭിക്കുന്നതിനേക്കാൾ 15 ശതമാനം അധിക മഴ ലഭിച്ചിട്ടുണ്ട്.മദ്ധ്യേന്ത്യയിലാണ് ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 28 ശതമാനം കൂടുതൽ കേരളം ഉൾപ്പെടുന്ന തെക്കേ ഇന്ത്യയിൽ 6 ശതമാനം കൂടുതൽ മഴ ലഭിച്ചു. എന്നാൽ കേരളത്തിൽ ജൂൺ ആദ്യ ആഴ്ച്ചയിൽ സാധാരണ മഴ ലഭിച്ചപ്പോൾ രണ്ടാമത്തെ ആഴ്ചയിൽ 11 ശതമാനവും മൂന്നാം ആഴ്ചയിൽ 15 ശതമാനവും നാലാം ആഴ്ചയിൽ 20 ശതമാനവും മഴക്കുറവ് അനുഭവപ്പെട്ടു.

സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ട് പ്രകാരം കമ്മീഷൻ മോണിറ്റർ ചെയ്യുന്ന 123 റിസർവോയറുകളിൽ കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഉള്ളതിനേക്കാൾ 188 ശതമാനം ജലം സംഭരിച്ചിട്ടുണ്ട്.

ലോക്ക് ഡൗണും രോഗഭീതിയും സൃഷ്ടിച്ച പ്രതിസന്ധിക്കിടയിലും കാർഷിക രംഗത്ത് നിന്നും നല്ല വാർത്തകളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത് കേന്ദ്ര കാർഷിക മന്ത്രാലയത്തിൻറെ റിപ്പോർട്ട് പ്രകാരം ജൂൺ ഒന്ന് മുതൽ ആരംഭിച്ച ഖാരിഫ് സീസണിൽ ഇതുവരെയായി 432.97 ലക്ഷം ഹെക്ടറിൽ കൃഷി ഇറക്കിയിട്ടുണ്ട്.കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഉണ്ടായിരുന്നതിനേക്കാൾ (230.03 ലക്ഷം ഹെക്ടർ) വളരെ കൂടുതലാണിത്. ഇതിൽ നെൽകൃഷി 18.85 ശതമാനവും ,പയർ വർഗ്ഗങ്ങൾ 27.36 ശതമാനവും കുടുതലാണ്. ഈ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഇതേ കാലയളവിൽ 0.10 ലക്ഷം ഹെക്ടർ നെൽകൃഷി ഉണ്ടായിട്ടുണ്ട്.വരും മാസങ്ങളിൽ പുരോഗതി ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു.

2019-20(ഒക്ടോബർ -സപ്തംബർ) ഖാരിഫ് സീസണിലെ സംഭരണത്തിൽ ഇതുവരെയായി 502.16 ലക്ഷം ടൺ അരി സംഭരിച്ചിട്ടുണ്ട്.ഇത് കഴിഞ്ഞ വർഷം ഇതേ കാലയളവിനേക്കാൾ കൂടുതലാണ്(436.69 ലക്ഷം ടൺ) .

ഇന്ത്യയിൽ വെട്ടുക്കിളിയുടെ ഭീഷണി നിലനിൽക്കുന്നുണ്ടെങ്കിലും നിലവിൽ ഇതുകാരണം കാര്യമായ കൃഷിനാശം ഉണ്ടായിട്ടില്ലെന്നാണ് ലഭിക്കുന്ന വിവരം

## I. ധാന്യങ്ങൾ

ലോക്ക് ഡൗണിന്റെ ആദ്യ ആഴ്ചകളിൽ വർദ്ധിച്ച അരിയുടെ വിലയിൽ പതുക്കെ കുറവ് വന്നു തുടങ്ങിയിട്ടുണ്ട് .പൊതുവെ പൊതു വിപണിയിൽ അരിയുടെ ഡിമാന്റിൽ കാര്യമായ തോതിലുള്ള കുറവ് ഉണ്ടായിട്ടുണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന.സൂചന.അരിയുടെ സ്റ്റോക്കും സംഭരണവും മുൻ വർഷത്തേക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണുള്ളതെന്നാണ് കേന്ദ്ര ഏജൻസികളുടെ റിപ്പോർട്ട് സൂചിപ്പിക്കുന്നത്.ആയതിനാൽ തന്നെ വരും മാസങ്ങളിൽ വില വീണ്ടും കുറയുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

ഫുഡ് ആൻറ് അഗ്രികൾച്ചറൽ ഓർഗനൈസേഷന്റെ റിപ്പോർട്ട് പ്രകാരം ജൂൺ മാസത്തിലെ റൈസ് പ്രൈസ് ഇൻഡക്സിൽ 0.8 ശതമാനത്തിന്റെ കുറവ് കാണിക്കുന്നു.എഫ് എ ഓ ,യു എസ് ഡി എ ,ഐ ജി എസ് തുടങ്ങിയ പ്രധാനപ്പെട്ട അന്തരാഷ്ട്ര ഏജൻസികൾ എല്ലാം തന്നെ 2020-21 വർഷത്തിൽ ആഗോള നെല്ല് ഉത്പാദനം റെക്കോർഡ് തലത്തിൽ എത്തുമെന്നാണ് പ്രവചിക്കുന്നത് യഥാക്രമം 509.2 ,502.1 ,504.9 മില്യൺ ടൺ ഉത്പാദനമാണ് ഈ ഏജൻസികൾ പ്രതീക്ഷിക്കുന്നത്.

2020-21 സീസണിൽ ഇന്ത്യയിലും റെക്കോർഡ് നെല്ല് ഉത്പാദനം നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് യു എസ് ഡി എ ഇന്ത്യയിൽ 117 മില്യൺ ടണിന്റെ ഉത്പാദനം പ്രവചിക്കുന്നു.

അരിയുടെ വിലയിൽ, എണ്ണവില വർദ്ധനവ് ഒഴികെയുള്ള വർദ്ധനവിനുള്ള മറ്റ് സാഹചര്യങ്ങൾ ഒന്നും തന്നെ നിലവിലില്ല

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ധാന്യങ്ങൾ | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.83 | 41.23 | 39.70 | -3.71 | 4.94 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 40.00 | 40.00 | 0.00 | 0.00 |
| 3 | റോസ് | കിലോഗ്രാം | 38.54 | 43.22 | 41.75 | -3.40 | 8.33 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.69 | 37.81 | 37.33 | -1.27 | 1.74 |
| 5 | ജയ | കിലോഗ്രാം | 35.81 | 38.21 | 37.95 | -0.68 | 5.98 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.56 | 36.27 | 35.85 | -1.16 | 3.73 |



## II. പയർ വർഗ്ഗങ്ങൾ

ലോക്ക് ഡൗൺ കാലയളവിൽ കേരളത്തിലെ വിപണിയെ ഏറ്റവും കൂടുതൽ ആശങ്കപ്പെടുത്തിയ ഇനം പയർ -പരിപ്പ് വർഗ്ഗങ്ങളുടെ വിലയായിരുന്നു.ഇന്ത്യയിൽ ഏറ്റവും കൂടുതൽ പയർ വർഗ്ഗങ്ങളുടെ ഉത്പാദനം നടക്കുന്നത് റാബി സീസണിലാണ്.എന്നാൽ ഇത്തവണ ഉത്പാദനം നടക്കുന്ന സമയത്ത് കോവിഡ് നിയന്ത്രണത്തിനായി ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ തുടർന്ന് കർഷകർക്ക് തങ്ങളുടെ ഉത്പന്നം യഥാസമയത്ത് വിപണിയിൽ എത്തിക്കാൻ സാധിക്കാതെ വരികയും വിപണിയിൽലഭ്യതക്കുറവ് ഉണ്ടാവുകയും ചെയ്തു. ചരക്ക് നീക്കം കൃത്യമായി നടക്കാത്തതും കാരണമാണ് വില വർദ്ധനവ് ഉണ്ടായത്. എന്നാൽ മെയ് മാസത്തോടെ വിലയിൽ കുറവ് ഉണ്ടാവാൻ തുടങ്ങുകയും ജൂണിൽ വീണ്ടും നേരിയ തോതിൽ കുറവുണ്ടാവുകയും ചെയ്തു.

ഏതാണ്ട് എല്ലാ ഇനം പയർ-പരിപ്പ് വർഗ്ഗങ്ങൾക്കും ജൂൺ മാസത്തിൽ കുറവുണ്ടായിട്ടുണ്ട്.ജൂലൈ മാസത്തിലും വിലയിൽ കുറവുണ്ടാവാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.കേന്ദ്ര സർക്കാർ പുറത്തിറക്കിയ മൂന്നാമത്തെ അഡ്വാൻസ് എസ്റ്റിമേറ്റ് പ്രകാരം പയർ വർഗ്ഗങ്ങളുടെ ഉത്പാദനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ ഏതാണ്ട് 1 മില്യൺ ടണ്ണിന്റെ വർദ്ധനവ് പ്രതീക്ഷിക്കുന്നു.2018-19 ലെ ഉത്പാദനമായ 22.08 മില്യൺ ടണിൽനിന്നും 23.01 മില്യൺ ടണ്ണായി വർദ്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പയർ വർഗ്ഗങ്ങൾ | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 93.30 | 134.88 | 127.00 | -5.84 | 36.12 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 95.98 | 135.91 | 129.91 | -4.41 | 35.35 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 95.00 | 127.95 | 123.35 | -3.60 | 29.84 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 92.27 | 123.00 | 118.13 | -3.96 | 28.03 |
| 5 | വൻപയർ | കിലോഗ്രാം | 71.07 | 84.43 | 82.84 | -1.88 | 16.56 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 97.86 | 103.59 | 101.13 | -2.37 | 3.34 |
| 7 | കടല(വലുത്) | കിലോഗ്രാം | 76.00 | 81.41 | 80.46 | -1.17 | 5.87 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 72.22 | 74.25 | 72.41 | -2.48 | 0.26 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 68.33 | 79.67 | 78.19 | -1.86 | 14.43 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.00 | 84.88 | 84.88 | 0.00 | 17.89 |



## III . മററ് ഭക്ഷ്യ വസ്തുക്കൾ

അവലോകനമാസത്തിൽ ഈ ഇനത്തിൽ കാര്യമായ വില വ്യതിയാനം ഉണ്ടായ ഇനങ്ങൾ കോഴിമുട്ട,ഇറച്ചിക്കോഴി എന്നിവയായിരുന്നു.കോഴിമുട്ടയുടെ വിലയിൽ വർദ്ധനവ് ഉണ്ടായപ്പോൾ ഇറച്ചിക്കോഴിയുടെ വിലയിൽ കുറവുണ്ടായി.

കോഴിമുട്ടയുടെ വിലയിൽ ജൂൺ അവസാനത്തോടെ നേരിയ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ജൂലൈയിലും കാര്യമായ വിലക്കുറവുണ്ടാവാൻ ഇടയില്ലെന്നാണ് വിപണിയിൽ നിന്നുള്ള സൂചന.പൊതുവെ കോഴിമുട്ടയുടെ ഡിമാൻറ് വർദ്ധിച്ചിട്ടുണ്ട്..

ഇറച്ചിക്കോഴിയുടെ വിലയിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ ഉണ്ടായ വർദ്ധനവിന് കുറവുണ്ടായിട്ടുണ്ട്.എന്നാൽ കേരളത്തിൽ ട്രോളിംഗ് നിരോധനവും കോവിഡ് മൂലം മൽസ്യ ബന്ധന,വിൽപന മേഖലയിൽ ഉണ്ടായ പ്രതിസന്ധിയും വന്നതോടുകൂടി മൽസ്യത്തിന്റെ ലഭ്യതയിൽ ഉണ്ടായ കുറവ് ഇറച്ചിക്കോഴിയുടെ ഡിമാൻറ് വർദ്ധിപ്പിച്ചിട്ടുണ്ട് ജൂലൈയിലും ഇറച്ചിക്കോഴിയുടെ വിലയിൽ കാര്യമായ കുറവുണ്ടാവാൻ സാദ്ധ്യത ഇല്ല. പഞ്ചസാരയുടെ വിലയിൽ മാസാവസാനം നേരിയ തോതിലുള്ള വില വർദ്ധനവ് കാണപ്പെട്ടു.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | മററ് ഭക്ഷ്യവസ്തുക്കൾ | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.02 | 38.96 | 38.71 | -0.64 | 1.81 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.38 | 179.73 | 178.69 | -0.58 | 15.00 |
| 3 | ശർക്കര | കിലോഗ്രാം | 51.50 | 58.88 | 57.14 | -2.96 | 10.95 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 57.37 | 51.08 | 56.40 | 10.42 | -1.69 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 570.54 | 628.39 | 640.54 | 1.93 | 12.27 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 126.87 | 147.97 | 125.75 | -15.02 | -0.88 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.50 | 148.14 | 148.13 | -0.01 | 0.43 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.71 | 164.00 | 164.00 | 0.00 | 1.42 |



## IV. എണ്ണയും എണ്ണക്കുരുക്കളും

അവലോകനമാസമായ ജൂണിൽ ഈ ഇനത്തിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെയും വിലയിൽ നേരിയ കുറവുണ്ടായിട്ടുണ്ട്.വെളിച്ചെണ്ണയുടെ വില കുറയുന്നതിനുള്ള പ്രവണത പ്രകടമായിരുന്നു. ജൂലൈയിലും വിലയിൽ കുറവുണ്ടാവാൻ സാധ്യതയുണ്ടെന്നാണു വിപണിയിൽ നിന്നുള്ള വിലയിരുത്തൽ.എന്നാൽ തേങ്ങയുടെ വിലയിൽ കാര്യമായ കുറവില്ലാതെ ഏതാണ്ട് സ്ഥിരത നിലനിർത്തുന്ന പ്രവണതയാണ് നില നിൽക്കുന്നത് .

ജൂലൈ അവസാനമോ അഗസ്റ്റിലോ തേങ്ങയുടെ വിലയിൽ വർദ്ധനവ് ഉണ്ടാവാൻ ഇടയുടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന

ഇന്റർനാഷണൽ കോക്കനട്ട് കംമ്യൂനിട്ടിയുടെ കണക്ക് പ്രകാരം ഫിലിപ്പീൻസ്,ഇന്തോനേഷ്യ,ശ്രീലങ്ക,വെളിച്ചെണ്ണ, തുടങ്ങിയ പ്രധാന തേങ്ങ ഉത്പാദക രാജ്യങ്ങളിൽ എല്ലാം തന്നെ തേങ്ങ,കൊപ്ര എന്നിവയുടെ വിലയിൽ ജൂൺ മധ്യത്തോടെ വില വർദ്ധനവിനുള്ള പ്രവണത പ്രകടമാണ്.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | എണ്ണയും എണ്ണക്കുരുക്കളും | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 170.86 | 190.98 | 183.61 | -3.86 | 7.46 |
| 2 | കടല എണ്ണ(ലൂസ്) | ലിറ്റർ | 158.00 | 155.50 | 155.00 | -0.32 | -1.90 |
| 3 | റിഫൈൻഡ് ഓയിൽ | ലിറ്റർ | 97.81 | 111.13 | 110.00 | -1.02 | 12.46 |
| 4 | നല്ലെണ്ണ | ലിറ്റർ | 221.96 | 201.57 | 199.44 | -1.06 | -10.15 |
| 5 | കടുക് എണ്ണ | ലിറ്റർ | 138.00 | 143.00 | 140.00 | -2.10 | 1.45 |
| 6 | വനസ്പതി(ഡാൽഡ) | ലിറ്റർ | 99.91 | 106.32 | 107.27 | 0.89 | 7.37 |
| 7 | സൂര്യകാന്തി ഓയിൽ | ലിറ്റർ | 96.84 | 110.26 | 109.95 | -0.28 | 13.54 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 159.57 | 185.41 | 177.64 | -4.19 | 11.32 |



## V.സുഗന്ധ വ്യഞ്ജനങ്ങൾ

അവലോകനമാസമായ ജൂണിൽ സുഗന്ധ വ്യഞ്ജനങ്ങളിൽ ഏതാണ്ട് എല്ലാ ഇനങ്ങളുടെയും വില വലിയ ഏറ്റക്കുറച്ചിൽ ഉണ്ടായിട്ടില്ല. ഉള്ളിയുടെ വിലയിൽ മാസങ്ങളായുള്ള വിലക്കുറവ് തുടരുകയാണ് എന്നാൽ നിലവിൽ ഏതാണ്ട് വില സ്ഥിരത നില നിർത്തിന്നതിനുള്ള പ്രവണത പ്രകടമാണ് ജൂലൈ അവസാനമോ ആഗസ്തിലോ നേരിയ തോതിൽ വില വർദ്ധിക്കുന്നതിനുള്ള സാധ്യത ഉണ്ട്.

വറ്റൽമുളകിന്റെ വിലയിലും നേരിയ കുറവുണ്ടായിട്ടുണ്ട്.ജൂലായിലും നേരിയൊരു കുറവ് തുടരാൻ ഇടയുണ്ടെന്നാണ് വിപണിയിൽ നിന്നുള്ള സൂചന. കുരുമുളക് വിപണിയിൽ ഇറക്കുമതി കുരുമുളകിന്റെ സാന്നിധ്യം ഇപ്പോഴും ഭീഷണിയായി നില നിൽക്കുകയാണ്. വെളുത്തുള്ളിയുടെ വിലയിൽ നേരിയ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ നില നിൽക്കുന്നു.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| 1 | മല്ലി | കിലോഗ്രാം | 101.57 | 100.50 | 98.71 | -1.78 | -2.82 |
| 2 | മുളക് | കിലോഗ്രാം | 130.55 | 184.39 | 179.02 | -2.91 | 37.13 |
| 3 | ഉള്ളി | കിലോഗ്രാം | 61.95 | 57.77 | 55.73 | -3.53 | -10.04 |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | 143.55 | 161.82 | 158.84 | -1.84 | 10.65 |
| 5 | ജീരകം | 100 ഗ്രാം | 29.82 | 30.14 | 30.14 | 0.00 | 1.07 |
| 6 | കടുക് | 100 ഗ്രാം | 9.29 | 9.54 | 9.73 | 1.99 | 4.74 |
| 7 | ഉലുവ | 100 ഗ്രാം | 9.63 | 9.70 | 9.98 | 2.89 | 3.63 |
| 8 | മഞ്ഞൾ പൊടി | 100 ഗ്രാം | 18.96 | 18.89 | 18.89 | 0.00 | -0.37 |
| 9 | വെളുത്തുള്ളി | 100 ഗ്രാം | 11.88 | 14.80 | 13.79 | -6.82 | 16.08 |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | 419.27 | 386.56 | 377.40 | -2.37 | -9.99 |



## VI. കിഴങ്ങു വർഗ്ഗങ്ങൾ

സാധാരണയായി ജൂൺ മാസങ്ങളിൽ പച്ചക്കറികളുടെയും കിഴങ്ങ് വർഗ്ഗങ്ങളുടെയും വിലയിൽ വർദ്ധനവ് ഉണ്ടാവാറുണ്ട്.ഇതിന്റെ പ്രധാനപ്പെട്ട കാരണമായി വരുന്നത്. ജൂൺ മാസങ്ങളിൽ കേരളത്തിൽ നടപ്പിലാക്കുന്ന ട്രോളിംഗ് നിരോധനം കാരണം മത്സ്യത്തിന്റെ ലഭ്യതയിൽ ഉണ്ടാവുന്ന കുറവ് കാരണമാണ്. എന്നാൽ ഇത്തവണ കാര്യമായ ഒരു വർദ്ധനവ് കിഴങ്ങ് വർഗ്ഗങ്ങളിൽ കണ്ടില്ല . വിപണനത്തിലുണ്ടായ കുറവുതന്നെയാണ്

ബീട്രൂട്ടിന്റെ വിലയിൽ മാത്രമാണ് കാര്യമായ വർദ്ധനവ് ശ്രദ്ധയിൽപ്പെട്ടത്.മറ്റിനങ്ങളിൽ നേരിയ തോതിലുള്ള ഏറ്റക്കുറച്ചിലുകൾ ദൃശ്യമായി

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | 37.61 | 31.05 | 32.48 | 4.61 | -13.64 |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | 27.27 | 26.35 | 25.79 | -2.13 | -5.43 |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | 28.14 | 36.88 | 37.02 | 0.38 | 31.56 |
| 4 | ചേമ്പ് | കിലോഗ്രാം | 69.98 | 55.92 | 57.33 | 2.52 | -18.08 |
| 5 | ബീററൂട്ട് | കിലോഗ്രാം | 41.29 | 34.93 | 39.98 | 14.46 | -3.17 |
| 6 | കാരററ് | കിലോഗ്രാം | 59.88 | 39.66 | 39.66 | 0.00 | -33.77 |



## VII. പച്ചക്കറി ഇനങ്ങൾ

പച്ചക്കറികളുടെ വിലയിൽ അവലോകനമാസമായ ജൂണിൽ ഏതാനും ഇനങ്ങൾ ഒഴികെ കാര്യമായ വില വർദ്ധനവ് ഉണ്ടായിട്ടില്ല..തക്കാളിയുടെ വിലയിലാണ് കാര്യമായ വർദ്ധനവ് ദൃശ്യമായത്.മഴകാരണം ഉത്പാദനത്തിലുണ്ടായ കുറവാണു വില വർദ്ധനവിന് കാരണമെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. ജൂലായിലും ഇതേ നില തുടരാൻ ഇടയുണ്ടെന്നാണ് ലഭിക്കുന്ന വിവരം

ഏത്തയ്ക്കയുടെ വിലയിലും നേരിയ തോതിലുള്ള വർദ്ധനവ് ദൃശ്യമായിരുന്നു എന്നാൽ കാര്യമായ വർദ്ധനവിനുള്ള സാധ്യത ഇല്ലെന്നാണ് ലഭിക്കുന്ന സൂചന. നിലവിൽ തമിഴ്നാട്ടിൽനിന്നുള്ള ഏത്തക്കായയുടെ വരവ് കുറഞ്ഞിട്ടുണ്ട്. നാടൻ,വയനാടൻ ഇനങ്ങളാണ് കൂടുതൽ വിപണിയിൽ എത്തുന്നത്.

മറ്റ് പച്ചക്കറി ഇനങ്ങളിൽ പ്രാദേശികമായ ലഭ്യതയ്ക്കനുസരിച്ചുള്ള ഏറ്റക്കുറച്ചിലുകൾ ദൃശ്യമായിരുന്നു. ജൂലൈയിലും കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല. പൊതുവെ ഇപ്പോഴും വിപണനത്തിൽ കാര്യമായ കുറവുണ്ടെന്നാണ് വിവിധ ജില്ലകളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | 24.48 | 18.80 | 19.36 | 2.98 | -20.92 |
| 2 | വഴുതന | കിലോഗ്രാം | 37.43 | 31.68 | 32.16 | 1.52 | -14.08 |
| 3 | മത്തങ്ങ | കിലോഗ്രാം | 28.25 | 21.52 | 21.29 | -1.07 | -24.64 |
| 4 | വെള്ളരിക്ക | കിലോഗ്രാം | 24.27 | 22.64 | 21.50 | -5.04 | -11.41 |
| 5 | വെണ്ടക്ക | കിലോഗ്രാം | 39.93 | 35.77 | 32.13 | -10.18 | -19.53 |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | 89.98 | 71.68 | 59.73 | -16.67 | -33.62 |
| 7 | വള്ളിപ്പയർ | കിലോഗ്രാം | 52.07 | 45.77 | 44.11 | -3.63 | -15.29 |
| 8 | കാബേജ് | കിലോഗ്രാം | 39.77 | 27.34 | 26.73 | -2.23 | -32.79 |
| 9 | പാവയ്ക്ക | കിലോഗ്രാം | 58.70 | 49.20 | 49.45 | 0.51 | -15.76 |
| 10 | കുമ്പളങ്ങ | കിലോഗ്രാം | 24.04 | 23.61 | 25.54 | 8.17 | 6.24 |
| 11 | പടവലങ്ങ | കിലോഗ്രാം | 41.36 | 31.16 | 31.13 | -0.10 | -24.73 |
| 12 | തക്കാളി | കിലോഗ്രാം | 39.73 | 21.86 | 29.88 | 36.69 | -24.79 |
| 13 | പച്ചമുളക് | 100 ഗ്രാം | 7.27 | 4.78 | 5.32 | 11.30 | -26.82 |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | 56.20 | 36.66 | 38.98 | 6.33 | -30.64 |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | 33.29 | 31.58 | 31.43 | -0.47 | -5.59 |



## VIII. പഴവർഗ്ഗങ്ങൾ

ലോക്ക് ഡൗൺ കാലഘട്ടത്തിൽ പഴവർഗ്ഗങ്ങളുടെ വിലയും വിപണനവും കാര്യമായി കുറഞ്ഞിട്ടുണ്ടായിരുന്നു.എന്നാൽ അവലോകനമാസമായ ജൂണിൽ ഓറഞ്ച്, ആപ്പിൾ, ഏത്തപ്പഴം, , മുന്തിരി എന്നിവയുടെ വിലയിൽ വർധനവുണ്ടായി.

സീസൺ അവസാനിച്ചതിനാലാണ് ഓറഞ്ചിന്റെ വിലയിൽ വർദ്ധനവുണ്ടായിരിക്കുന്നത്. ജൂലൈയിലും വിലയിൽ കുറവുണ്ടാവാൻ സാധ്യത ഇല്ല.

നാടൻ,വയനാടൻ ഏത്തപ്പഴങ്ങൾ ഇനങ്ങൾ വിപണിയിൽ എത്തുന്നതോടെ ജൂലൈയിൽ ഏത്തപ്പഴത്തിന്റെ വിലയിൽ കുറവുണ്ടാവാൻ സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന. വാഴപ്പഴത്തിന്റെ വിലയിലും ജൂലൈയിൽ കാര്യമായ വർദ്ധനവിനുള്ള സാധ്യത കാണുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്(സിട്രസ്) | കിലോഗ്രാം | **113.57** | **81.00** | **100.68** | **24.30** | **-11.35** |
| 2 | മുസമ്പി | കിലോഗ്രാം | **71.17** | **58.59** | **58.17** | **-0.72** | **-18.27** |
| 3 | മാതളം | കിലോഗ്രാം | **100.25** | **109.67** | **109.69** | **0.02** | **9.42** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **150.00** | **149.29** | **163.75** | **9.69** | **9.17** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **63.36** | **43.69** | **47.47** | **8.65** | **-25.08** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **34.30** | **29.53** | **28.57** | **-3.25** | **-16.71** |
| 7 | വാഴപ്പഴം രസകദളി | കിലോഗ്രാം | **59.07** | **43.22** | **47.29** | **9.42** | **-19.94** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **49.86** | **45.28** | **45.25** | **-0.07** | **-9.25** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **31.73** | **28.62** | **28.63** | **0.03** | **-9.77** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **53.98** | **75.21** | **74.11** | **-1.46** | **37.29** |
| 11 | തണ്ണിമത്തൻ(കിരൺ) | കിലോഗ്രാം | **21.67** | **20.45** | **19.43** | **-4.99** | **-10.34** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **99.33** | **64.72** | **68.48** | **5.81** | **-31.06** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **96.53** | **59.63** | **64.63** | **8.39** | **-33.05** |



## IX. ഭക്ഷ്യേതര വസ്തുക്കൾ

ലോക്ക് ഡൗൺ ഇളവുകൾ പ്രഖ്യാപിച്ചതിനു ശേഷം നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചതോടെ വർദ്ധിച്ച സിമന്റിൻറെ വിലയിൽ നേരിയ കുറവോടെ ഏതാണ്ട് സ്ഥിരത നിലനിർത്തുന്ന പ്രവണതയാണ് അവലോകനമാസമായ ജൂണിൽ വിപണിയിൽ ദൃശ്യമായത്.ജൂലൈയിലും ഏതാണ്ട് ഇതേ നില തന്നെ തുടരുന്നതിനു സാധ്യത ഉണ്ടെന്നാണ് വിപണിയിൽ നിന്നും ലഭിക്കുന്ന സൂചന.

സ്റ്റീലിന്റെ വിലയിലും നേരിയ കുറവോടെ സ്ഥിരത നിലനിർത്തുന്ന പ്രവണത പ്രകടമായിരുന്നു.ജൂലൈയിലും കാര്യമായ മാറ്റം പ്രതീക്ഷിക്കുന്നില്ല.

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | 20.00 | 20.06 | 20.14 | 0.40 | 0.70 |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | 29.77 | 24.30 | 24.77 | 1.93 | -16.80 |
| 3 | വിറക് നാടൻ) | ക്വിന്റൽ | 495.00 | 500.00 | 514.00 | 2.80 | 3.84 |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | 402.68 | 436.39 | 436.06 | -0.08 | 8.29 |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | 396.96 | 433.57 | 433.04 | -0.12 | 9.09 |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | 53.63 | 52.14 | 51.91 | -0.44 | -3.21 |



## അനുബന്ധം

### സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | **ധാന്യങ്ങൾ** | | | | | | |
| 1 | അരി(ചുവപ്പ്) മട്ട | കിലോഗ്രാം | 37.83 | 41.23 | 39.70 | -3.71 | 4.94 |
| 2 | ചമ്പ | കിലോഗ്രാം | 40.00 | 40.00 | 40.00 | 0.00 | 0.00 |
| 3 | റോസ് | കിലോഗ്രാം | 38.54 | 43.22 | 41.75 | -3.40 | 8.33 |
| 4 | ആന്ധ്ര വെള്ള | കിലോഗ്രാം | 36.69 | 37.81 | 37.33 | -1.27 | 1.74 |
| 5 | ജയ | കിലോഗ്രാം | 35.81 | 38.21 | 37.95 | -0.68 | 5.98 |
| 6 | ഗോതമ്പ് | കിലോഗ്രാം | 34.56 | 36.27 | 35.85 | -1.16 | 3.73 |
| | **പയർ വർഗ്ഗങ്ങൾ** | | | | | | |
| 1 | ചെറുപയർ | കിലോഗ്രാം | 93.30 | 134.88 | 127.00 | -5.84 | 36.12 |
| 2 | ചെറുപയർ പരിപ്പ് | കിലോഗ്രാം | 95.98 | 135.91 | 129.91 | -4.41 | 35.35 |
| 3 | ഉഴുന്നു പരിപ്പ് | കിലോഗ്രാം | 95.00 | 127.95 | 123.35 | -3.60 | 29.84 |
| 4 | ഉഴുന്നു (തോടില്ലാതെ) | കിലോഗ്രാം | 92.27 | 123.00 | 118.13 | -3.96 | 28.03 |
| 5 | വൻപയർ | കിലോഗ്രാം | 71.07 | 84.43 | 82.84 | -1.88 | 16.56 |
| 6 | തുവരപരിപ്പ് | കിലോഗ്രാം | 97.86 | 103.59 | 101.13 | -2.37 | 3.34 |
| 7 | കടല(വലുത്) | കിലോഗ്രാം | 76.00 | 81.41 | 80.46 | -1.17 | 5.87 |
| 8 | കടല(ചെറുത്) | കിലോഗ്രാം | 72.22 | 74.25 | 72.41 | -2.48 | 0.26 |
| 9 | പീസ് പരിപ്പ് | കിലോഗ്രാം | 68.33 | 79.67 | 78.19 | -1.86 | 14.43 |
| 10 | മസൂർ പരിപ്പ് | കിലോഗ്രാം | 72.00 | 84.88 | 84.88 | 0.00 | 17.89 |
| | **മററ് ഭക്ഷ്യവസ്തുക്കൾ** | | | | | | |
| 1 | പഞ്ചസാര | കിലോഗ്രാം | 38.02 | 38.96 | 38.71 | -0.64 | 1.81 |
| 2 | കരുപ്പെട്ടി | കിലോഗ്രാം | 155.38 | 179.73 | 178.69 | -0.58 | 15.00 |
| 3 | ശർക്കര | കിലോഗ്രാം | 51.50 | 58.88 | 57.14 | -2.96 | 10.95 |
| 4 | കോഴിമുട്ട(വൈററ് ലഗോൺ) | ഡസൺ | 57.37 | 51.08 | 56.40 | 10.42 | -1.69 |
| 5 | ആട്ടിറച്ചി(എല്ലോട്കൂടിയത്) | കിലോഗ്രാം | 570.54 | 628.39 | 640.54 | 1.93 | 12.27 |
| 6 | കോഴി(ബ്റോയിലെർ)(ജീവനുള്ളത്) | കിലോഗ്രാം | 126.87 | 147.97 | 125.75 | -15.02 | -0.88 |
| 7 | തേയില(കണ്ണൻ ദേവൻ) | 500 ഗ്രാം | 147.50 | 148.14 | 148.13 | -0.01 | 0.43 |
| 8 | കാപ്പിപ്പൊടി(ബ്രൂക്ക്ബോണ്ട്) | 500 ഗ്രാം | 161.71 | 164.00 | 164.00 | 0.00 | 1.42 |
| | **എണ്ണയും എണ്ണക്കുരുക്കളും** | | | | | | |
| 1 | വെളിച്ചെണ്ണ(ലൂസ്) | കിലോഗ്രാം | 170.86 | 190.98 | 183.61 | -3.86 | 7.46 |
| 2 | കടല എണ്ണ(ലൂസ്) | ലിററർ | 158.00 | 155.50 | 155.00 | -0.32 | -1.90 |
| 3 | റിഫൈൻഡ് ഓയിൽ | ലിററർ | 97.81 | 111.13 | 110.00 | -1.02 | 12.46 |
| 4 | നല്ലെണ്ണ | ലിററർ | 221.96 | 201.57 | 199.44 | -1.06 | -10.15 |
| 5 | കടുക് എണ്ണ | ലിററർ | 138.00 | 143.00 | 140.00 | -2.10 | 1.45 |
| 6 | വനസ്പതി(ഡാൽഡ) | ലിററർ | 99.91 | 106.32 | 107.27 | 0.89 | 7.37 |
| 7 | സൂര്യകാന്തി ഓയിൽ | ലിററർ | 96.84 | 110.26 | 109.95 | -0.28 | 13.54 |
| 8 | തേങ്ങ(തൊണ്ടില്ലാതെ) | 10 എണ്ണം | 159.57 | 185.41 | 177.64 | -4.19 | 11.32 |

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | സുഗന്ധവ്യഞ്ജനങ്ങൾ | | | | | | |
| | | | | | | | |
| 1 | മല്ലി | കിലോഗ്രാം | **101.57** | **100.50** | **98.71** | **-1.78** | **-2.82** |
| 2 | മുളക് | കിലോഗ്രാം | **130.55** | **184.39** | **179.02** | **-2.91** | **37.13** |
| 3 | ഉള്ളി | കിലോഗ്രാം | **61.95** | **57.77** | **55.73** | **-3.53** | **-10.04** |
| 4 | പുളി (തോടില്ലാതെ) | കിലോഗ്രാം | **143.55** | **161.82** | **158.84** | **-1.84** | **10.65** |
| 5 | ജീരകം | 100 ഗ്രാം | **29.82** | **30.14** | **30.14** | **0.00** | **1.07** |
| 6 | കടുക് | 100 ഗ്രാം | **9.29** | **9.54** | **9.73** | **1.99** | **4.74** |
| 7 | ഉലുവ | 100 ഗ്രാം | **9.63** | **9.70** | **9.98** | **2.89** | **3.63** |
| 8 | മഞ്ഞൽ പൊടി | 100 ഗ്രാം | **18.96** | **18.89** | **18.89** | **0.00** | **-0.37** |
| 9 | വെളുത്തുള്ളി | 100 ഗ്രാം | **11.88** | **14.80** | **13.79** | **-6.82** | **16.08** |
| 10 | കുരുമുളക്(നാടൻ) | കിലോഗ്രാം | **419.27** | **386.56** | **377.40** | **-2.37** | **-9.99** |
| | കിഴങ്ങുവർഗ്ഗങ്ങൾ | | | | | | |
| 1 | ചേന | കിലോഗ്രാം | **37.61** | **31.05** | **32.48** | **4.61** | **-13.64** |
| 2 | മരച്ചീനി(പച്ച) | കിലോഗ്രാം | **27.27** | **26.35** | **25.79** | **-2.13** | **-5.43** |
| 3 | ഉരുളക്കിഴങ്ങ് | കിലോഗ്രാം | **28.14** | **36.88** | **37.02** | **0.38** | **31.56** |
| 4 | ചേമ്പ് | കിലോഗ്രാം | **69.98** | **55.92** | **57.33** | **2.52** | **-18.08** |
| 5 | ബീററൂട്ട് | കിലോഗ്രാം | **41.29** | **34.93** | **39.98** | **14.46** | **-3.17** |
| 6 | കാരററ് | കിലോഗ്രാം | **59.88** | **39.66** | **39.66** | **0.00** | **-33.77** |
| | | | | | | | |
| | പച്ചക്കറി ഇനങ്ങൾ | | | | | | |
| 1 | സവാള | കിലോഗ്രാം | **24.48** | **18.80** | **19.36** | **2.98** | **-20.92** |
| 2 | വഴുതന | കിലോഗ്രാം | **37.43** | **31.68** | **32.16** | **1.52** | **-14.08** |
| 3 | മത്തങ്ങ | കിലോഗ്രാം | **28.25** | **21.52** | **21.29** | **-1.07** | **-24.64** |
| 4 | വെള്ളരിക്ക | കിലോഗ്രാം | **24.27** | **22.64** | **21.50** | **-5.04** | **-11.41** |
| 5 | വെണ്ടക്ക | കിലോഗ്രാം | **39.93** | **35.77** | **32.13** | **-10.18** | **-19.53** |
| 6 | ബീൻസ്(ഇംഗ്ലീഷ്) | കിലോഗ്രാം | **89.98** | **71.68** | **59.73** | **-16.67** | **-33.62** |
| 7 | വള്ളിപയർ | കിലോഗ്രാം | **52.07** | **45.77** | **44.11** | **-3.63** | **-15.29** |
| 8 | കാബേജ് | കിലോഗ്രാം | **39.77** | **27.34** | **26.73** | **-2.23** | **-32.79** |
| 9 | പാവയ്ക്ക | കിലോഗ്രാം | **58.70** | **49.20** | **49.45** | **0.51** | **-15.76** |
| 10 | കുമ്പളങ്ങ | കിലോഗ്രാം | **24.04** | **23.61** | **25.54** | **8.17** | **6.24** |
| 11 | പടവലങ്ങ | കിലോഗ്രാം | **41.36** | **31.16** | **31.13** | **-0.10** | **-24.73** |
| 12 | തക്കാളി | കിലോഗ്രാം | **39.73** | **21.86** | **29.88** | **36.69** | **-24.79** |
| 13 | പച്ചമുളക് | 100 ഗ്രാം | **7.27** | **4.78** | **5.32** | **11.30** | **-26.82** |
| 14 | ഏത്തയ്ക്ക(പച്ച) | കിലോഗ്രാം | **56.20** | **36.66** | **38.98** | **6.33** | **-30.64** |
| 15 | വാഴയ്ക്ക(പച്ച) | കിലോഗ്രാം | **33.29** | **31.58** | **31.43** | **-0.47** | **-5.59** |

| നം | ഇനങ്ങൾ | അളവ് | ജൂൺ 2019 | മെയ് 2020 | ജൂൺ 2020 | മാസ ശതമാന വ്യതിയാനം | വാർഷിക ശതമാന വ്യതിയാനം |
|---|---|---|---|---|---|---|---|
| | പഴവർഗ്ഗങ്ങൾ | | | | | | |
| 1 | ഓറഞ്ച്( നാഗ്പൂർ) | കിലോഗ്രാം | **113.57** | **81.00** | **100.68** | **24.30** | **-11.35** |
| 2 | മുസമ്പി | കിലോഗ്രാം | **71.17** | **58.59** | **58.17** | **-0.72** | **-18.27** |
| 3 | മാതളം | കിലോഗ്രാം | **100.25** | **109.67** | **109.69** | **0.02** | **9.42** |
| 4 | ആപ്പിൾ(ഷിംല) | കിലോഗ്രാം | **150.00** | **149.29** | **163.75** | **9.69** | **9.17** |
| 5 | ഏത്തപ്പഴം | കിലോഗ്രാം | **63.36** | **43.69** | **47.47** | **8.65** | **-25.08** |
| 6 | വാഴപ്പഴംപാളയംതോടൻ | കിലോഗ്രാം | **34.30** | **29.53** | **28.57** | **-3.25** | **-16.71** |
| 7 | വാഴപ്പഴം രസകദളി/ | കിലോഗ്രാം | **59.07** | **43.22** | **47.29** | **9.42** | **-19.94** |
| 8 | വാഴപ്പഴം പൂവൻ | കിലോഗ്രാം | **49.86** | **45.28** | **45.25** | **-0.07** | **-9.25** |
| 9 | വാഴപ്പഴം റോബസ്റ്റ | കിലോഗ്രാം | **31.73** | **28.62** | **28.63** | **0.03** | **-9.77** |
| 10 | മാങ്ങ(നീലം) | കിലോഗ്രാം | **53.98** | **75.21** | **74.11** | **-1.46** | **37.29** |
| 11 | തണ്ണിമത്തൻ | കിലോഗ്രാം | **21.67** | **20.45** | **19.43** | **-4.99** | **-10.34** |
| 12 | മുന്തിരി പച്ച കുരുവുള്ളത് | കിലോഗ്രാം | **99.33** | **64.72** | **68.48** | **5.81** | **-31.06** |
| 13 | മുന്തിരി കറുപ്പ് കുരുവുള്ളത് | കിലോഗ്രാം | **96.53** | **59.63** | **64.63** | **8.39** | **-33.05** |
| | ഭക്ഷ്യേതര വസ്തുക്കൾ | | | | | | |
| 1 | വാഷിങ്ങ് സോപ്പ്(സൺലൈററ്) | 1/2 ബാർ | **20.00** | **20.06** | **20.14** | **0.40** | **0.70** |
| 2 | ടോയിലററ് സോപ്പ്(ലക്സ്) | ഒന്ന്(100 ഗ്രാം) | **29.77** | **24.30** | **24.77** | **1.93** | **-16.80** |
| 3 | വിറക് നാടൻ) | ക്വിന്റൽ | **495.00** | **500.00** | **514.00** | **2.80** | **3.84** |
| 4 | സിമന്റ് ശങ്കർ(പേപ്പർ ബാഗ്) | ഒന്ന് | **402.68** | **436.39** | **436.06** | **-0.08** | **8.29** |
| 5 | സിമന്റ് ശങ്കർ(പോളി ബാഗ്) | ഒന്ന് | **396.96** | **433.57** | **433.04** | **-0.12** | **9.09** |
| 6 | സ്റ്റീൽ(8 മി. മീ) | കിലോഗ്രാം | **53.63** | **52.14** | **51.91** | **-0.44** | **-3.21** |